**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3069** **25-10-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ നൂക്കട്ട് പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നൂക്കട്ട് പാലം നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | പൂർത്തീകരിച്ചിട്ടില്ല. ഈ പ്രവൃത്തിക്ക് 1500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ സമീപന റോഡുകൾ നിർമ്മിക്കാനാവശ്യമായ ഭൂമി ജലസേചന വകുപ്പിന്റെ പരിധിയിൽ പെടുന്നതിനാൽ പ്രസ്തുത സ്ഥലം വിട്ടു കിട്ടുന്നതിന് അനുമതി ലഭിക്കുന്നതിനായി ജലസേചന വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട പാലം ദേശീയ ജലപാതയിൽ വരുന്നതിനാൽ IWAI NORMS പ്രകാരം 45.00 മീറ്റർ ഹൊറിസോണ്ടൽ ക്ലിയറൻസും 6.00 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസും നൽകിയാണ് മധ്യത്തിൽ ബോസ്ട്രിങ്ങ് ആർച്ച് സ്പാൻ രൂപകൽപന ചെയ്തിരിക്കുന്നത്. IWAI യുടെ അനുമതി ലഭിക്കുന്നതിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് IWAI ഉദ്യോഗസ്ഥർ 18.02.2021-ന് സ്ഥലം സന്ദർശിക്കുകയും ഡിസൈൻ പുതുക്കുന്നതിന് നിർദ്ദേശം നൽകുകയും അതനുസരിച്ച് പുതുക്കിയ ഡിസൈൻ ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഡിസൈൻ)ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഡിസൈൻ വിങ്ങിന്റെയും IWAI യുടെയും തുടർന്നുള്ള നിർദ്ദേശങ്ങൾ പ്രകാരം പാലത്തിന്റെ നീളം 85 മീറ്ററിൽ നിന്നും 92.20 മീറ്ററായി വർദ്ധിക്കുകയും പാലത്തിന്റെ ഡിസൈനിൽ മാറ്റം വരുകയും ചെയ്തതിനെ തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയേക്കാൾ വർദ്ധിച്ചതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ